# പതിനാലാം കേരള നിയമസഭ
## (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1483 30.01.2018-ൽ മറുപടിയ്ക്ക്

## മത്സ്യബന്ധന മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം തടയാൻ നടപടി

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മത്സ്യങ്ങൾ നല്ല വിലയ്ക്ക് വില്ക്കുവാൻ കഴിയാതെ, മത്സ്യത്തൊഴിലാളികൾ ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | എ) ഉണ്ട്.<br>മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന സാമ്പത്തിക പിന്നോക്കാവസ്ഥ കാരണം പലപ്പോഴും ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയമാകാറുണ്ട്. മത്സ്യബന്ധനത്തിന് ആവശ്യമായ ഇന്ധനത്തിനും യാനം വാങ്ങുന്നതിനും മറ്റുമായി മൂലധനം സ്വരൂപിക്കുന്നതിനുവേണ്ടി പലപ്പോഴും മത്സ്യത്തൊഴിലാളികൾ ഇടനിലക്കാരെ ആശ്രയിക്കുന്നു. ഇത്തരത്തിൽ ഇടനിലക്കാരിൽ നിന്നും പണം പലിശയ്ക്ക് വാങ്ങുക വഴി മത്സ്യലേലം ചെയ്യുന്നതിനുള്ള അവകാശം ഇടനിലക്കാർ സ്വായത്തമാക്കുന്നു. കൃത്യമായ അളവിൽ മത്സ്യം കൈകാര്യംചെയ്യാതെയും അമിതമായി ലേല കമ്മീഷൻ ഈടാക്കിയും മത്സ്യത്തിന് ന്യായവില ലഭ്യമാക്കാതെയും ഇവർ മത്സ്യത്തൊഴിലാളികളെ ചൂഷണത്തിന് വിധേയമാക്കുന്നു. ശീതീകരണ സംവിധാനങ്ങളുടെ അപര്യാപ്തതമൂലവും ഇടനിലക്കാർക്ക് കുറഞ്ഞ വിലക്ക് മത്സ്യം വിറ്റഴിക്കാൻ മത്സ്യത്തൊഴിലാളികളെ നിർബന്ധിതരാക്കാറുണ്ട്. |
| ബി) മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യങ്ങൾ നിശ്ചിത വിലയ്ക്ക് വിവിധ സൊസൈറ്റികൾ, സംഘടനകൾ എന്നിവ മുഖേന നേരിട്ട് വാങ്ങി പൊതുജനങ്ങൾക്ക് നൽകുന്ന തരത്തിൽ വിവിധ മേഖലകളിൽ സൗകര്യം ഒരുക്കാൻ തയ്യാറാകുമോ; | ബി) മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴി പ്രാഥമിക തലത്തിൽ മത്സ്യലേലം നടത്തുന്നതിനും ഇവയുടെ അപെക്സ് സ്ഥാപനമായ മത്സ്യഫെഡ് വഴി ഇവ ഉപഭോക്താക്കൾക്ക് എത്തിയ്ക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| സി) പൂർണ്ണമായും ഇടനിലക്കാരെ ഒഴിവാക്കി മത്സ്യങ്ങൾ വിൽക്കാൻ നടപടി സ്വീകരിക്കുമോ? | സി) വളരെയധികം കണ്ണികൾ ഉൾപ്പെട്ട ഒരു വിപണന ശൃംഖല ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. അതു കൊണ്ടു തന്നെ പൂർണ്ണമായും ഇടനിലക്കാരെ ഒഴിവാക്കുക ഏറെ ശ്രമകരമാണ്. എങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ, മത്സ്യത്തൊഴിലാളികൾ എന്നിവരുടെ സഹകരണത്തോടെ ഈ മേഖലയിൽ ഇടപെടുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ